# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2023 OCTOBER Volume: XIV No: 4


# 21 പുതിയ കർദ്ദിനാളുമാർ സ്ഥാനിക ചിഹ്നം സ്വീകരിച്ചു; വോട്ടവകാശമുള്ള കർദ്ദിനാളുമാരുടെ എണ്ണം 136 ആയി



വത്തിക്കാൻ സിറ്റി: വത്തിക്കാനിലെ സെൻറ് പീറ്റേഴ്‌സ് സ്‌ക്വയറിൽ ആയിരങ്ങളെ സാക്ഷിയാക്കി നടന്ന ചടങ്ങിൽ ഫ്രാൻസിസ് മാർപാപ്പ 21 പുതിയ കർദ്ദിനാളുമാരെ വാഴിച്ചു. കർദ്ദിനാൾ സംഘത്തിന്റെ സാന്നിധ്യത്തിൽ ചടങ്ങുകൾക്ക് ഫ്രാൻസിസ് പാപ്പ മുഖ്യകാർമ്മികത്വം വഹിച്ചു. കത്തോലിക്ക സഭയിൽ പാപ്പയുടെ അടുത്ത സഹായികളും, ഉപദേഷ്ടാക്കളുമായ മുഴുവൻ കർദ്ദിനാളുമാരും ഉൾപ്പെടുന്ന സംഘത്തെയാണ് കർദ്ദിനാൾ സംഘം അഥവാ 'കോളേജ് ഓഫ് കർദ്ദിനാൾസ്' എന്ന് പറയുന്നത്. പുതുതായി കർദ്ദിനാളുമാരായി ഉയർത്തപ്പെട്ടവരിൽ 18 പേർ 80 വയസ്സിന് താഴെയുള്ളവരായതിനാൽ പാപ്പയെ തെരഞ്ഞെടുക്കുന്ന കോൺക്ലേവിൽ വോട്ട് ചെയ്യാൻ അർഹതയുണ്ട്.

15 വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ളവരാണ് പുതിയ കർദ്ദിനാളുമാർ. കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ടു സ്ഥാനിക ചിഹ്നം സ്വീകരിച്ചവരിൽ മലേഷ്യയിലെ പെനാംഗ് ബിഷപ്പ് സെബാസ്റ്റ്യൻ ഫ്രാൻസിസ് മലയാളി വേരുകളുള്ള മെത്രാനാണ്. തൃശൂർ അതിരൂപതയുടെ കീഴിലുള്ള ഒല്ലൂരിൽ മേച്ചേരി കുടുംബാംഗമാണ് അദ്ദേഹം. ചിന്ന റോമ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഒല്ലൂരിൽ നിന്ന് 1890കളിൽ മലേഷ്യയിലേക്കു കുടിയേറിയവരാണ് ഡോ. സെബാസ്റ്റ്യൻ ഫ്രാൻസിസിന്റെ പൂർവികർ.

തന്റെ 10 വർഷത്തെ പത്രോസിന്റെ ദൌത്യത്തിൽ നടന്ന ഒമ്പത് കൺസിസ്റ്ററികളിലും ലോകമെമ്പാടും വ്യാപിച്ച് കിടക്കുന്ന കത്തോലിക്ക സഭയുടെ വൈവിധ്യത്തെ എടുത്തുക്കാട്ടുന്ന വിധത്തിലാണ് പാപ്പ കർദ്ദിനാളുമാരെ തെരഞ്ഞെടുത്തത്. ചുവന്ന തൊപ്പി ഉൾപ്പെടെ സ്ഥാനിക ചിഹ്നങ്ങൾ സ്വീകരിച്ചവരിൽ ദക്ഷിണ സുഡാനിൽ നിന്നുള്ള ആദ്യത്തെ കർദ്ദിനാൾ സ്റ്റീഫൻ അമേയു മാർട്ടിൻ മുല്ലയും ഉൾപ്പെടുന്നു. ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിൽ നിന്നുള്ള കർദ്ദിനാൾ സ്റ്റീഫൻ ബ്രിസ്ലിൻ, ടാൻസാനിയയിലെ തബോറയിൽ നിന്നുള്ള കർദ്ദിനാൾ പ്രൊട്ടേസ് റുഗാംബ എന്നിവരും ആഫ്രിക്കയിൽ നിന്നുള്ളവരാണ്.

ആഫ്രിക്കയിൽ വോട്ടവകാശമുള്ള കർദ്ദിനാളുമാരുടെ ആകെ എണ്ണം 14% ആണ്. ഫ്രാൻസിസ് പാപ്പ അധികാരമേറ്റെടുത്ത ശേഷം ഉയർത്തിയ വിവിധ കൺസിസ്റ്ററികളിലൂടെ 5% വർദ്ധനവാണ് ഇപ്പോൾ ആഫ്രിക്കയിൽ രേഖപ്പെടുത്തിരിക്കുന്നത്. വോട്ടവകാശമുള്ള കർദ്ദിനാളുമാരിൽ 16% ഇപ്പോൾ ഏഷ്യയിൽ നിന്നുള്ളവരാണ്. 18 പുതിയ വോട്ടർമാരോടൊപ്പം, അടുത്ത പാപ്പയെ തിരഞ്ഞെടുക്കാൻ യോഗ്യരായ കർദ്ദിനാൾമാരുടെ എണ്ണം 136 ആയി ഉയർന്നു. അവരിൽ 72% പേരെ തിരഞ്ഞെടുത്തത് ഫ്രാൻസിസ് മാർപാപ്പയാണ്. സഭയുടെ ചരിത്രത്തിൽ ഏറ്റവും അധികം പേരെ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തിയ റെക്കോർഡ് ഫ്രാൻസിസ് പാപ്പയുടെ പേരിലാണ്.

ആർച്ച് ബിഷപ്പുമാരായ പിയർബാറ്റിസ്റ്റ പിസാബല്ലാ (ഇറ്റലി), എമിൽ പോൾ ചെറിഗ് (സ്വിറ്റ്സർലൻഡ്), ഹൊസേ കോബോ കാനോ (സ്പെയിൻ), സ്റ്റീഫൻ ബിസ്മിൻ (സൗത്ത് ആഫ്രിക്ക), ക്ലൗദിയോ ഗുജറോത്തി (ഇറ്റലി), റോബർട്ട് ഫ്രാൻസിസ് വോസ്റ്റ് (യുഎസ്എ), വിക്ടർ മാമ്പൽ ഫെർണാണ്ടസ് (അർജന്റീന), ക്രിസ്റ്റോഫ് ലയിയീവ്സ് ജോർജ്(ഫ്രാൻസ്), ഏഞ്ചൽ സി ക്സ്റ്റോ റോസ്സി (അർജന്റീന), ലൂയിസ് ഹൊസേ റുവേദ അപ്പരീസിയോ (കൊളംബിയ), ഗ്രെഗോർ റിസ് (പോളണ്ട്), സ്റ്റീഫൻ അമെയു മാർട്ടിൻ മുല്ലാ (സൗത്ത് സുഡാൻ), പാത്താ റുഗംബാ (ടാൻസാനിയ), ബിഷപ്പുമാരായ സ്റ്റീഫൻ ചൗ സൗ-യാൻ (ചൈന), ഫ്രാൻസ്വാ-സവിയേ ബുസ്തിയോ (ഫ്രാൻസ്), അമെരിക്കോ മാമ്പൽ ആൽവെസ് അഗിയാർ (പോർച്ചുഗൽ), ഫാ. ഏഞ്ചൽ ഫെർണാണ്ടസ് ആർത്തിലെ (സലേഷ്യൻ സുപ്പീരിയർ ജനറൽ, സ്പെയിൻ) എന്നിവരാണ് സ്ഥാനിക ചിഹ്നം സ്വീകരിച്ച കർദ്ദിനാളുമാർ.



## ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ

# “പൂട്ടിവെച്ചിരിക്കുന്ന ക്രൈസ്തവ പഠനറിപ്പോർട്ട് ചിതലരിക്കാതെ പുറത്തിറക്കൂ സർക്കാരെ”

കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമ്പത്തിക പിന്നോക്കാവസ്ഥ പഠിക്കുവാനും ക്ഷേമപദ്ധതികൾ നിർദ്ദേശിക്കുവാനുമായി സർക്കാർ നിർദ്ദേശിച്ച ജെ.ബി.കോശി കമ്മീഷൻ വിശദമായ പഠനറിപ്പോർട്ട് 2023 മെയ് 17ന് സർക്കാരിന് സമർപ്പിച്ചു. കേരളത്തിലെ ലക്ഷക്കണക്കിന് ക്രൈസ്തവർ ഏറെ പ്രതീക്ഷയോടെ കണ്ട ജെ.ബി.കോശി കമ്മീഷന്റെ ശുപാർശകൾ നാലുമാസം കഴിഞ്ഞിട്ടും സർക്കാരിന്റെ പെട്ടിയിൽ പൂട്ടിവെച്ചിരിക്കുന്നതല്ലാതെ വെളിച്ചം കാണാത്തതിൽ ദുരൂഹതയുണ്ട്. വിവിധങ്ങളായ വിഷയങ്ങളിൽ സർക്കാരിനെതിരെ ആരോപണങ്ങളുമുയരുമ്പോൾ ജനങ്ങളെ വിശ്വാസത്തിലെടുക്കാനും പ്രതിഷേധങ്ങളും പ്രതികരണങ്ങളും തണുപ്പിക്കാനുമായി പഠനകമ്മീഷനുകളെയും വിദഗ്ദ്ധസമിതികളെയും വെച്ച് തടിതപ്പിയ സന്ദർഭങ്ങളുണ്ട്. ഇത്തരം റിപ്പോർട്ടുകൾ പലതും പുറത്തുവന്നിട്ടുമില്ല. വിഷയങ്ങൾ അവസാനിച്ചല്ലോ എന്ന ആശ്വാസം പലപ്പോഴും സർക്കാരിനുമായി. അതേഗതികേടിലേയ്ക്ക് ക്രൈസ്തവ പഠനറിപ്പോർട്ടും വലിച്ചെറിയപ്പെട്ടോ? 2021 ലെ പൊതുതെരഞ്ഞെടുപ്പിനു മുമ്പ് വോട്ടുബാങ്കിനായി ക്രൈസ്തവ സ്നേഹം പ്രകടിപ്പിച്ച് ഒന്നാം പിണറായി സർക്കാർ പ്രഖ്യാപിച്ച ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട് ഇതിനോടകം സർക്കാർ വലിച്ചുകീറി തീയിലിട്ടില്ലെങ്കിൽ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പെട്ടിക്കുള്ളിലിരുന്ന് ചിതലരിക്കുമെന്നുറപ്പായി.

### അവഗണനയുടെ ചരിത്രം

സ്വാതന്ത്ര്യം പ്രാപിച്ച് 45 വർഷത്തിനുശേഷം 1992-ലാണ് കേന്ദ്രസർക്കാർ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ഏതെന്ന് പ്രഖ്യാപിച്ച് ഉത്തരവിറക്കിയത്. മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി വിഭാഗങ്ങളെ മതന്യൂനപക്ഷങ്ങളായി പ്രഖ്യാപിച്ചു. പിന്നീട് ജൈനരും ഇക്കൂടെ വന്നു. ഇങ്ങനെ ആറ് ന്യൂനപക്ഷ മതവിഭാഗങ്ങളാണ് ഔദ്യോഗികമായി ഇന്ത്യയിലിന്ന് നിലവിലുള്ളത്. തുടർന്നിങ്ങോട്ട് ന്യൂനപക്ഷ ക്ഷേമവകുപ്പുകൾ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുകൾ, 2005ൽ ന്യൂനപക്ഷ ക്ഷേമത്തിനായി പ്രധാനമന്ത്രിയുടെ 15 ഇന പദ്ധതികൾ, വിദ്യാർത്ഥികൾക്കും വിധവകൾക്കും യുവാക്കൾക്കും മാത്രമല്ല മതന്യൂനപക്ഷവിഭാഗത്തിലെ പാവപ്പെട്ടവർക്കെല്ലാമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച് ബജറ്റിൽ പണം വകയിരുത്തി ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പിലാക്കി. സംസ്ഥാനങ്ങളിലാകട്ടെ ന്യൂനപക്ഷ ക്ഷേമവകുപ്പും മന്ത്രിമാരും ന്യൂനപക്ഷ കമ്മീഷനും വന്നു.

### സച്ചാർ കമ്മിറ്റി റിപ്പോർട്ട്

ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കുവാൻ കേന്ദ്രസർക്കാർ സച്ചാർ കമ്മറ്റിയെ നിയോഗിച്ചു. സച്ചാർ കമ്മറ്റി ഇന്ത്യയിലെ ബീഹാർ, ബംഗാൾ, മധ്യപ്രദേശ്, യു.പി., ഗുജറാത്ത് എന്നീ 5 സംസ്ഥാനങ്ങളിൽ പഠനം നടത്തി. 2006 നവംബറിൽ കേന്ദ്രസർക്കാരിന് റിപ്പോർട്ടും ക്ഷേമപദ്ധതി നിർദ്ദേശങ്ങളും സമർപ്പിച്ചു. തുടർന്ന് പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ ഈ റിപ്പോർട്ടിലെ ചില നിർദ്ദേശങ്ങളുംകൂടി ഇടംനേടുകയും ചെയ്തു. 6 മതന്യൂനപക്ഷ വിഭാഗങ്ങളിൽ കേന്ദ്രസർക്കാർ പഠനം നടത്തിയത് മുസ്ലീം മതവിഭാഗത്തിന്റെ കാര്യത്തിൽ മാത്രമാണെങ്കിലും സർക്കാർ ഖജനാവിൽ പണം ചെലവിടുന്നത് ഒരു മതവിഭാഗത്തിനു മാത്രമാകുന്നത് ഭരണഘടനാലംഘനമാണ്. വാസ്തവത്തിൽ ഇതിനെ വെള്ളപൂശാനാണ് എല്ലാ മതന്യൂനപക്ഷ വിഭാഗങ്ങൾക്കുമായുള്ള പ്രധാനമന്ത്രിയുടെ 15 ഇന ക്ഷേമപദ്ധതികളിൽതന്നെ സച്ചാർ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചത്. പക്ഷേ പിന്നീട് സംഭവിച്ചതെന്ത്? ന്യൂനപക്ഷ ക്ഷേമപദ്ധതികൾ ഒന്നടങ്കം ഒരു മതവിഭാഗത്തിന്റെ കുത്തകയായി മാറിയെന്നുമാത്രമല്ല ന്യൂനപക്ഷമെന്നാൽ 6 ന്യൂനപക്ഷ വിഭാഗങ്ങളിൽ ഭൂരിപക്ഷം മാത്രമായി അട്ടിമറിക്കപ്പെട്ടു.

### കേരളത്തിൽ സംഭവിച്ചതെന്ത്?

കേന്ദ്രസർക്കാരിന്റെ മതന്യൂനപക്ഷ ക്ഷേമപദ്ധതികൾ കേരളത്തിലെ എല്ലാ മതന്യൂനപക്ഷങ്ങൾക്കുമായി എങ്ങനെ നടപ്പിലാക്കാമെന്നല്ല മുസ്ലീം മതവിഭാഗത്തിനായുള്ള സച്ചാർ പഠനറിപ്പോർട്ട് എങ്ങനെ നടപ്പിലാക്കാമെന്നാണ് വി.എസ്.അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന ഇടതുപക്ഷ സർക്കാർ 2008ൽ എടുത്ത തീരുമാനം. സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള പദ്ധതികൾ സമർപ്പിക്കുവാൻ ഇടതുപക്ഷ അനുകൂലികളായ മുസ്ലീം സമുദായ നേതാക്കളെക്കൂടി ഉൾപ്പെടുത്തി പാലോളി കമ്മറ്റിയും രൂപീകരിച്ചു. ഇവിടെ പലരും തിരിച്ചറിയാത്ത ചില യാഥാർത്ഥ്യങ്ങളുണ്ട്. 1). സച്ചാർ കമ്മറ്റി പഠനം നടത്തിയത് ബംഗാൾ, ബീഹാർ ഉൾപ്പെടെയുള്ള മുസ്ലീം സമൂഹം ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന പിന്നോക്കാവസ്ഥയുള്ള സംസ്ഥാനങ്ങളിലാ

ണ്. 2). സച്ചാർ കേരളത്തിൽ പഠനം നടത്തിയിട്ടില്ലെന്നു മാത്രമല്ല മതസംവരണത്തിലൂടെ കേരളത്തിലെ മുസ്ലീം സമൂഹം വളർച്ച നേടിയിരിക്കുന്നതും പിന്നോക്കാവസ്ഥ അതിജീവിച്ചിരിക്കുന്നതിന്റെ സൂചനകളും സർക്കാർ നൽകുന്നുണ്ട്. 3). ഇനി ഒരു മതവിഭാഗത്തിനുവേണ്ടിയുള്ള ശുപാർശകളാണെങ്കിലത് 6 മതവിഭാഗങ്ങളുള്ള ന്യൂനപക്ഷങ്ങളുടെയെല്ലാം ലേബലിൽ ഒരുകൂട്ടർമാത്രമായി സർക്കാർ ഖജനാവിലെ സമ്പത്ത് തട്ടിയെടുക്കുന്നത് ന്യായമോ? 4). അവസരോചിതമായി സർക്കാർ തലങ്ങളിൽ ഇടപെടൽ നടത്തി സർക്കാരിന്റെ ക്രൈസ്തവ വിരുദ്ധ സമീപനങ്ങളെ കൃത്യമായി ചൂണ്ടിക്കാട്ടാനും ചോദ്യം ചെയ്യാനും ക്രൈസ്തവരുൾപ്പെടെ ഇതര മതന്യൂനപക്ഷങ്ങളും ഒരു പരിധിവരെ പരാജയപ്പെട്ടുവെന്നതും പരമാർത്ഥം.

### വർഗീയത പറയുകയല്ല

ക്രൈസ്തവ നീതിനിഷേധങ്ങളുടെ വസ്തുതകൾ തുറന്നുപറയുമ്പോൾ അതിനെ ബോധപൂർവ്വം വർഗീയതയായി ചിത്രീകരിക്കുവാൻ ശ്രമിക്കുന്നവർ സമൂഹത്തിൽ ഭിന്നിപ്പിന്റെയും ഭീകരവാദ അജണ്ടകളുടെയും വക്താക്കളാണ്. ഭാരത സമൂഹത്തെ ഭിന്നിപ്പും വിഘടനവാദങ്ങളുമില്ലാതെ എന്നും യോജിപ്പിച്ചു നിർത്തുകയും ജനകീയ പ്രശ്നങ്ങളിൽ പൊതുസമൂഹമെന്ന വിശാല കാഴ്ചപ്പാടുകളിൽ ഇടപെടലുകൾ നടത്തുന്നതുമാണ്. ക്രൈസ്തവ സമൂഹത്തിന്റെ എക്കാലത്തെയും നിലപാടുകളും കാഴ്ചപ്പാടുകളും. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് വിദ്യാഭ്യാസ ആരോഗ്യ ആതുരശുശ്രൂഷാ മേഖലയിലെ ക്രൈസ്തവ സമൂഹത്തിന്റെയും സഭകളുടെയും ശുശ്രൂഷകൾ. ജാതിയും മതവും വർഗ്ഗവും വർണ്ണവും നോക്കാതെയുള്ള ഈ ശുശ്രൂഷകളുടെ ഗുണഫലങ്ങൾ സമൂഹമൊന്നാകെ അനുഭവിക്കുമ്പോൾ വർഗീയ വിഷം ചീറ്റി സർക്കാർ ഖജനാവിലെ പണം ന്യൂപക്ഷങ്ങളെ ഒന്നാകെ തീറെഴുതിക്കൊടുത്ത് ഒരു മതവിഭാഗം മാത്രമായി തട്ടിയെടുക്കുന്ന ക്രൂരതയാണ് നാളുകളായി ചോദ്യം ചെയ്യപ്പെടുന്നത്. **കാലങ്ങളായി സർക്കാർ തുടർന്ന ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ 80:20 അനുപാത വിവേചനത്തിനെതിരെ ഹൈക്കോടതി വിധി വന്നപ്പോൾ ക്രൈസ്തവർ ഉയർത്തിയ നീതിനിഷേധം സത്യമാണെന്നും ഭരണഘടനാവിരുദ്ധ നടപടിയാണ് സംസ്ഥാന സർക്കാർ ഇക്കാലമത്രയും തുടർന്നതെന്നും തെളിഞ്ഞു. എന്നിട്ടും അതിനെതിരെ സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്ന സർക്കാർ സമീപനം സമൂഹത്തിൽ ഭിന്നിപ്പുമാത്രമല്ല അധികാരകേന്ദ്രങ്ങളുടെ ഉള്ളിലിരുപ്പ് വ്യക്തമാക്കുന്നതാണ്.**

### നീതിനിഷേധ പരമ്പരകൾ

സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് ന്യൂനപക്ഷത്തിലെ ഭൂരിപക്ഷത്തിന്റെ മാത്രം സംരക്ഷകരായി മാറുന്നതിന്റെ പരമ്പരകളാണ് കേരളത്തിൽ കാലങ്ങളായി അരങ്ങേറിയത്. രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾ മറന്ന് ചില മതസമൂഹങ്ങളെ പ്രീണിപ്പിക്കുവാൻ കേരളം ഭരിച്ച ഇരുമുന്നണികളും കൈകോർത്തുവെന്നതാണ് മറ്റൊരു സത്യം. വിവിധ റീത്തുകളും സഭകളുമായി ഭിന്നിച്ചുനിൽക്കുന്ന ക്രൈസ്തവരേക്കാൾ അംഗസംഖ്യ കൂടിയവരും യോജിച്ചുപ്രവർത്തിക്കുന്നവരുമായ മുസ്ലീം സമുദായത്തെ കൂടെ നിർത്തുവാനുള്ള വോട്ടുബാങ്ക് രാഷ്ട്രീയമാണ് ഇരുമുന്നണികളും ഇന്നലെകളിൽ കളിച്ചതും ഇന്ന് തുടരുന്നതും. സ്വന്തം നിലനിൽപുപോലും ചോദ്യം ചെയ്തിട്ടും ഒരുമയുടെയും സ്വരുമയുടെയും വഴികൾ തേടാൻ വിവിധ ക്രൈസ്തവ നേതൃത്വങ്ങൾ തയ്യാറാകാതെയിരിക്കുന്നതും ഭാവിയിൽ വലിയ തകർച്ചയ്ക്കിടനൽകും.

2011 ൽ അധികാരമേറ്റ യുഡിഎഫ് സർക്കാരിൽ മഞ്ഞളാംകുഴി അലി ന്യൂനപക്ഷ ക്ഷേമവകുപ്പ് ഭരിച്ചപ്പോൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുന്ന ഉത്തരവിറക്കുകയും 900-ത്തോളം പ്രമോട്ടമാരെ നിയമിക്കുകയും ചെയ്തു. ഇതിൽ 100ൽ താഴെ പേർ മാത്രം ക്രൈസ്തവർ. കേരള ജനസംഖ്യയിൽ 26 ശതമാനം വരുന്നവരിൽ നിന്ന് 800 പേർ. 18 ശതമാനത്തിൽ നിന്ന് 100 പേർ. ഇതെന്തു ന്യായമെന്ന ചോദ്യം സ്വാഭാവികമല്ലേ. ഇതിനെതിരെ ശബ്ദിക്കുക മാത്രമല്ല, നിയമപോരാട്ടത്തിലേയ്ക്കും കടന്നു. വിവിധ ക്രൈസ്തവ സംഘടനകളും ഉണർന്നെഴുന്നേറ്റു. അവസാനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേരിട്ട് ഇടപെട്ട് ഈ നിയമനങ്ങൾ മരവിപ്പിച്ചു. പഞ്ചായത്തുകളും നഗരസഭകളുമായി 100 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുള്ള മലപ്പുറം ജില്ലയിൽ 150 പ്രമോട്ടർമാർ എന്നത് മറ്റൊരു തമാശയായ സത്യം.

സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന കോച്ചിംഗ് സെന്ററുകൾ 'കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്' എന്ന പേരിലാണ് കേരളത്തിൽ ആരംഭിച്ചത്. സർക്കാർ പൊതുഖജനാവിൽ നിന്ന് പണമിറക്കി ഒരു മതവിഭാഗത്തിനുമാത്രമായി നൽകുന്നത് ശരിയോ? ഇതെന്തു കാട്ടുനീതി? ചോദ്യങ്ങൾ ഉയർന്നപ്പോൾ തിരുത്തൽ വന്നു.

ന്യൂനപക്ഷമെന്നതിന്റെ അളവുകോൽ ജനസംഖ്യയാണ്. ജനസംഖ്യയിൽ കുറവുള്ളവർക്കും കുറയുന്നവർക്കുമാണ് ക്ഷേമപദ്ധതികൾ വേണ്ടത്. മൈക്രോ മൈനോരിറ്റികളുടെ സംസ്കാരവും പാരമ്പര്യവും പൈതൃകവുമാണ് നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടത്. അതിനുദാഹരണമാണ് ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്ന പാഴ്സികൾക്കുള്ള പ്രത്യേക ക്ഷേമപദ്ധതികൾ. പക്ഷേ മൻമോഹൻസിംഗിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഇന്ത്യയിലെ കോൺഗ്രസ് സർക്കാർ ഇതിനെ ന്യൂനപക്ഷത്തിലെ പിന്നോക്കക്കാർക്കുള്ള പദ്ധതിയായി പ്രഖ്യാപിച്ചത് വലിയ തെറ്റ്. കേരളത്തിലാകട്ടെ പിന്നോക്ക സംവരണത്തിന്റെ പേരിൽ ഒരു മതവിഭാഗമൊന്നാകെ സംവരണം നേടുന്നു. ന്യൂനപക്ഷ ക്ഷേമപദ്ധതികൾ കൈവശപ്പെടുത്തുന്നു. ജനസംഖ്യ അനുപാതം പോലും അട്ടിമറിക്കുന്നു. മാറി മാറി സംസ്ഥാനം ഭരിച്ചവരെല്ലാം ഇതിന് കുടപിടിച്ച് ഓശാന പാടുന്നു.

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കു നൽകുന്ന സ്കോളർഷിപ്പുകളിൽ വിവേചനം, ന്യൂനപക്ഷ ധനകാര്യ സ്ഥാപനങ്ങളിൽ ഇരട്ടനയം എന്നിങ്ങനെ സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പ് ക്രൈസ്തവരെ കറിവേപ്പിലയാക്കി വലിച്ചെറിയാൻ ശ്രമിച്ചപ്പോൾ സംസ്ഥാനത്തുടനീളമുണ്ടായ പ്രതിഷേധ കൊടുങ്കാറ്റാണ് ക്രൈസ്തവരുടെ വിദ്യാഭ്യാസ സാമ്പത്തിക മേഖലകളെക്കുറിച്ച് പഠിക്കുവാനും ക്ഷേമപദ്ധതികൾ നിർദ്ദേശിക്കുവാനും ജസ്റ്റിസ് ജെ.ബി.കോശി അധ്യക്ഷനായ മൂന്നംഗ**



**കമ്മറ്റിയെ പ്രഖ്യാപിക്കുന്നതിന് നിർബ ന്ധിതമാക്കിയത്.**

### ക്രൈസ്തവ പഠന കമ്മീഷൻ

സംസ്ഥാന സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ കടുത്ത വിവേചനവും നീതി നിഷേധവും തുടർച്ചയായി നേരിടുകയും വിവിധ ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ നിന്ന് ക്രൈസ്തവരെ ആസൂത്രിത അജണ്ടയുടെ ഭാഗമായി ബോധപൂർവ്വം പുറന്തള്ളപ്പെടുകയും ഭരണഘടനാപരമായി.നിർവ്വഹിക്കേണ്ട ഉത്തരവാദിത്വങ്ങളിൽ നിന്ന് ഭരണസംവിധാനങ്ങൾ ഒളിച്ചോടുകയും ചെയ്തപ്പോൾ ഉണർന്നെഴുന്നേറ്റ കേരള ക്രൈസ്തവ സമൂഹം ഒറ്റക്കെട്ടായി ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾക്കെതിരെ പ്രതിഷേധിച്ചതിനെത്തുടർന്ന് മുഖ്യമന്ത്രി നേരിട്ട് പൊതുഭരണവകുപ്പിന്റെ ഉത്തരവാദിത്വത്തിൽ 2020 നവംബർ 5ന് ജസ്റ്റിസ് ജെ.ബി.കോശി ചെയർമാനായ മൂന്നംഗ കമ്മീഷനെ നിയമിച്ചു. 2021 ഫെബ്രുവരി 9ന് കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തിയുള്ള സർക്കാർ ഉത്തരവുമിറങ്ങി. 2021 ജൂലൈ 30 നുള്ളിൽ സംസ്ഥാനത്തെ വിവിധ ക്രൈസ്തവ വിഭാഗങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും തുടർന്ന് വിവിധ കേന്ദ്രങ്ങളിൽ സിറ്റിംഗ് നടത്തുകയും ചെയ്തു. ഒരു വർഷത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് 2021 ഫെബ്രുവരി 9ലെ ഉത്തരവുകളിലുണ്ടെങ്കിലും കോവിഡ് പ്രതിസന്ധികളിലും സർക്കാരിൽ നിന്നു കമ്മീഷനു നൽകേണ്ട അനുബന്ധ ക്രമീകരണങ്ങളുടെ കാലതാമസവും മൂലം റിപ്പോർട്ട് വൈകി രണ്ടര വർഷത്തിനുശേഷം സർക്കാരിന് സമർപ്പിച്ചു.

കമ്മീഷന്റെ പഠനത്തിന് എല്ലാവിധ സഹകരണവും സൗകര്യങ്ങളും പിന്തുണയും വിവിധ ക്രൈസ്തവ വിഭാഗങ്ങൾ ഒരുക്കിയിരുന്നു. വിവിധങ്ങളായ വിഷയങ്ങളിൽ വേറിട്ടു നിൽക്കുന്ന ക്രൈസ്തവ സമൂഹങ്ങളെ പൊതുവായ ഈ വിഷയത്തിന്മേലുള്ള ബോധ്യങ്ങളുടെയും നിലനിൽപ്പിന്റെയും പേരിൽ കോർത്തിണക്കാനും വളരെ സൗഹൃദപൂർവ്വം എല്ലാവരേയും ശ്രവിക്കാനും കമ്മീഷന് കഴിഞ്ഞുവെന്നത് പ്രത്യേകം അഭിനന്ദനീയമാണ്.

### റിപ്പോർട്ടിലെ ഉള്ളടക്കമെന്ത്?

ജെ.ബി.കോശി കമ്മീഷൻ സർക്കാരിന്റെ മുമ്പിൽ സമർപ്പിച്ചിരിക്കുന്ന ക്രൈസ്തവ പഠന റിപ്പോർട്ടിന്റെ ഉള്ളടക്കമെന്ത് എന്നതിനെക്കുറിച്ച് കമ്മീഷനോ, സർക്കാരോ പൊതുസമൂഹത്തിൽ ഇതുവരെയും വ്യക്തത വരുത്തിയിട്ടില്ല. മുഖ്യമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ട് പൊതുഭരണവകുപ്പിൽ നിന്ന് ന്യൂനപക്ഷ ക്ഷേമവകുപ്പിന് കൈമാറിയിരിക്കുന്നുവെന്ന അനൗദ്യോഗികമായ അറിവുകളുണ്ട്.

**4.88 ലക്ഷം പരാതികളും നിർദ്ദേശങ്ങളും ലഭിച്ചുവെന്നും 500 ഓളം ക്ഷേമപരിഹാര ശുപാർശകൾ സർക്കാരിന് സമർപ്പിച്ചുവെന്നുമാണ് ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ അനൗദ്യോഗികമായി നൽകിയ സൂചനയെങ്കിലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി നിയമസഭയിൽ റോജി എം. ജോൺ എം.എൽ.എ. ചോദിച്ച ചോദ്യത്തിന് 255 നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെന്നും വകുപ്പ് ഇവ ചർച്ച ചെയ്യുകയാണെന്നും പറയുന്നു. ഇതിന്റെ സത്യമെന്ത്? എങ്കിൽ പിന്നെ റിപ്പോർട്ട് പുറത്തുവിടാൻ സർക്കാർ മടിക്കുന്നതെന്ത്? ഇതാണോ ജനാധിപത്യഭരണം? സർക്കാരിന്റെ ഒളിച്ചുകളി ആർക്കുവേണ്ടി?**

കാർഷിക മലയോര തീരദേശ മേഖലയിലെ ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ, സാമ്പത്തികത്തകർച്ച, ജീവിത പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസ പ്രതിസന്ധികൾ, കോച്ചിംഗ് സെന്ററുകളിലെ വിവേചനം, സ്കോളർഷിപ്പുകളിലെ നീതിനിഷേധം തുടങ്ങി ക്രൈസ്തവർ മാത്രമല്ല പൊതുസമൂഹമൊന്നാകെ നേരിടുന്ന വിവിധ വിഷയങ്ങളെക്കുറിച്ചും കമ്മീഷൻ മുമ്പാകെ പരാതികളും നിർദ്ദേശങ്ങളും എത്തിച്ചു. 4.88 ലക്ഷം പരാതികളും നിർദ്ദേശങ്ങളും ലഭിച്ചുവെന്നും 500 ഓളം ക്ഷേമപരിഹാര ശുപാർശകൾ സർക്കാരിന് സമർപ്പിച്ചുവെന്നുമാണ് ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ അനൗദ്യോഗികമായി നൽകിയ സൂചനയെങ്കിലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി നിയമസഭയിൽ റോജി എം. ജോൺ എം.എൽ.എ. ചോദിച്ച ചോദ്യത്തിന് 255 നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെന്നും വകുപ്പ് ഇവ ചർച്ച ചെയ്യുകയാണെന്നും പറയുന്നു. ഇതിന്റെ സത്യമെന്ത്? എങ്കിൽ പിന്നെ റിപ്പോർട്ട് പുറത്തുവിടാൻ സർക്കാർ മടിക്കുന്നതെന്ത്? ഇതാണോ ജനാധിപത്യഭരണം? സർക്കാരിന്റെ ഒളിച്ചുകളി ആർക്കുവേണ്ടി?

ക്രിസ്ത്യാനിയായി മാറിയെങ്കിലും ജാതി മാറാത്തതിനാൽ ആനുകൂല്യങ്ങൾ പഴയതുപോലെ ലഭിക്കണമെന്നാണ് ദളിത് ക്രൈസ്തവർ ആവശ്യപ്പെട്ടത്. മലയോരമേഖലയിലെ കുടിയേറ്റ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ, കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച, വന്യജീവി ആക്രമണം മുതലായവ പരാതികളിൽപെടുന്നു. കടൽക്ഷോഭം പതിവായതിനാൽ കടലിൽപ്പോകുന്ന ദിവസങ്ങൾ കുറഞ്ഞെന്നും ഇതിന് നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകണമെന്നുമാണ് തീരദേശജനതയുടെ പ്രധാന ആവശ്യം. കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയമല്ലെങ്കിലും ചർച്ച് ആക്ട് വേണമെന്നും വേണ്ടെന്നും ആവശ്യപ്പെട്ടവരുണ്ട്. നിയമം വഴി മലങ്കരസഭാ തർക്കം ശാശ്വതമായി പരിഹരിക്കണമെന്ന ശുപാർശ യാക്കോബായ സഭയും ഉന്നയിച്ചു. സമുദായ സർട്ടിഫിക്കറ്റുകളിലെ ആശയക്കുഴപ്പവും മറ്റൊരു പ്രശ്നമായിരുന്നു.

കത്തോലിക്കാസഭയാകട്ടെ പ്രത്യേക വിദഗ്ദ്ധസമിതികളെതന്നെ നിയമിച്ച് വളരെ ആധികാരിക പഠനം നടത്തിയാണ് നിർദ്ദേശങ്ങൾ സമർപ്പിച്ചത്. സീറോ മലബാർ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മിറ്റി പ്രമുഖരും വിദഗ്ദ്ധരുമായവരേയും പഠന സ്ഥാപനങ്ങളേയും കൂട്ടിച്ചേർത്ത് ആധികാരികപഠനവും ഇടവകകളും കുടുംബകൂട്ടായ്മകളും കുടുംബങ്ങളുമായി ബന്ധപ്പെട്ട് വിവരശേഖരണവും നടത്തി. ക്രൈസ്തവർ ഇന്നനുഭവിക്കുന്ന സാമ്പത്തിക, വിദ്യാഭ്യാസ കാർഷിക വിഷയങ്ങളിലേയും ജനസംഖ്യയിലെ ഇടിവുകളേയും സംബന്ധിച്ച് രേഖകൾ സഹിതം സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മിറ്റി സമർപ്പിച്ചത് യഥാർത്ഥ കേരള ക്രൈസ്തവരുടെ പരിഹാരമില്ലാതെ തുടരുന്ന പ്രതിസന്ധികളുടെ ചിത്രമാണ്.

### മന്ത്രിസഭയിലെ വകുപ്പുമാറ്റം

**രണ്ടാം പിണറായി മന്ത്രി സഭയിലെ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ഭരണം തുടക്കത്തിൽ മുഖ്യമന്ത്രിയിൽ നിക്ഷിപ്തമായിരുന്നു. ഇരുമുന്നണികളും സ്ഥിരമായി ഒരു ന്യൂനപക്ഷവിഭാഗത്തിന് മാത്രമായി വകുപ്പ് തീറെഴുതിക്കൊടുക്കുമ്പോൾ ക്രൈസ്തവരുൾപ്പെടെ ഇതരവിഭാഗങ്ങളെല്ലാം ക്രൂരമായ വിവേചനത്തിന് ഇരയാകുന്നുവെന്ന പ്രതിഷേധം ശക്തമായപ്പോഴാണ് ഇങ്ങനെയൊരു വകുപ്പുമാറ്റത്തെക്കുറിച്ച് ഇടതുപക്ഷവും ചിന്തിച്ച് നടപടിയെടുത്തത്. എന്നാൽ 2023 ജനുവരിയിൽ പഴയപടി ന്യൂനപക്ഷവകുപ്പ് മുസ്ലീം സമുദായാംഗമായ മന്ത്രിയിലേയ്ക്ക് മാറി.** ഇതിനിടയിൽ കേന്ദ്രസർക്കാരിന്റെ ന്യൂനപക്ഷ സ്കോളർഷിപ്പുകളിൽ വൻസാമ്പത്തിക തട്ടിപ്പുകളും അഴിമതിയും നടന്നിരിക്കുന്നുവെന്ന ആരോപണവും ഉയർന്നിട്ടുണ്ട്. മലപ്പുറം ജില്ല കേന്ദ്രമാക്കിയുള്ള തട്ടിപ്പിന്റെ വിശദാംശങ്ങളും പുറത്തുവന്നിരിക്കുന്നതും കേന്ദ്ര ന്യൂനപക്ഷ സ്കോളർഷിപ്പുകൾ പലതും നിർത്തലാക്കിയിരിക്കുന്നതും ചോദ്യചിഹ്നമാണ്.

⇨

**റിപ്പോർട്ട് പെട്ടിയിലിരിക്കുമോ?**

ജെ.ബി.കോശി കമ്മീഷന്റെ ക്രൈസ്തവ പഠന റിപ്പോർട്ടിന് എന്തു സംഭവിച്ചുവെന്ന് പല കോണുകളിൽ നിന്നും ചോദ്യങ്ങൾ ഉയരുന്നത് സ്വാഭാവികമാണ്. റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ട് നാലുമാസക്കാലമായിട്ടും ഒന്നും സംഭവിച്ചിട്ടില്ല. വിവിധ വിഷയങ്ങളിൽ നിന്ന് ഒളിച്ചോടാൻ സർക്കാർ നിയമിക്കുന്ന പല കമ്മീഷനുകളും സിറ്റിംഗുകൾ, അവലോകനങ്ങൾ, റിപ്പോർട്ട് സമർപ്പിക്കൽ തുടങ്ങി പതിവ് ആചാരങ്ങൾക്കും ചടങ്ങുകൾക്കുമപ്പുറം വെളിച്ചം കാണാറില്ലെന്നുള്ളത് പരമാർത്ഥം. ആ ഗതികേടിലേയ്ക്ക് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടും വലിച്ചെറിയപ്പെട്ടാലത് കേരളത്തിലെ ക്രൈസതവരുടെ നെഞ്ചിൽ തീ കോരിയിടുന്നതിന് തുല്യമാണ്.

**തെരഞ്ഞെടുപ്പുവേളകൾ കടന്നുവരുന്നതിനുമുമ്പുള്ള വോട്ടുബാങ്ക് രാഷ്ട്രീയത്തിന്റെ ഭാഗമായി കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വിദഗ്ദ്ധസമിതിയെ നിയമിച്ച് ക്രൈസ്തവരുടെ കണ്ണിൽ പൊടിയിടാമെന്ന് ഭരണനേതൃത്വങ്ങൾ കരുതരുത്. രാഷ്ട്രീയ കുതന്ത്രങ്ങളും അടവുകളും തിരിച്ചറിയുവാനുള്ള ആർജ്ജവവും പ്രതികരിക്കാനുള്ള കരുത്തും കേരളത്തിലെ ക്രൈസ്തവർക്കുണ്ടെന്നുള്ളതും മറക്കരുത്.** ജെ.ബി.കോശി കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ പുറത്തുവിടുക, ക്രൈസ്തവ ക്ഷേമപദ്ധതികൾ നടപ്പിലാക്കുക, നിയമസഭയിൽ തുടർ നടപടികൾ ചർച്ച ചെയ്യുക. അതിനു തയ്യാറാകാതെയുള്ള നാടകങ്ങൾ അസ്ഥാനത്താണ്.

**ക്രൈസ്തവർ കണ്ണുതുറക്കുക**

വിവിധ ക്രൈസ്തവ നേതൃത്വങ്ങളും കണ്ണുതുറന്ന് തിരിച്ചറിയേണ്ട ചില വസ്തുതകളുണ്ട്. ജെ.ബി.കോശി കമ്മീഷന്റെ മുമ്പാകെ പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ കാണിച്ച ആത്മാർത്ഥതയും ശുഷ്കാന്തിയും കൂട്ടായ പ്രവർത്തനങ്ങളും സർക്കാർ അലമാരയിൽ അടയിരിക്കുന്ന റിപ്പോർട്ട് ചിതലരിക്കാതെ പുറത്തിറക്കുവാൻ ശ്രമിക്കേണ്ടതല്ലേ? കേരള ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ പരസ്പരമുള്ളപ്രശ്നങ്ങൾ പലതും വിശ്വാസികളുമായി ബന്ധപ്പെട്ടതല്ല. നേതൃത്വനിരകളിലെ അസഹിഷ്ണുതയും പിടിവാശികളുമാണ്. അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രസംഗങ്ങൾ നടത്തുകയും സന്ദേശം പ്രചരിപ്പിക്കുകയും ഇതിനായി സാക്ഷ്യം വഹിക്കുകയും ചെയ്ത ക്രിസ്തു അനുയായികൾ ഇവയൊന്നുമില്ലാത്ത ആത്മീയ ഭൗതിക ജീർണ്ണത പൊതുസമൂഹത്തിലിന്ന് പരിഹാസമുയർത്തുന്നു. കേരളത്തിലെ ക്രൈസ്തവ നേതൃത്വങ്ങൾ ക്രിസ്തുവിന്റെ മുമ്പിൽ ഒരുമിച്ചു ചേർന്ന് പ്രാർത്ഥനയോടെ പ്രവർത്തനനിരതമാകുന്നില്ലെങ്കിൽ നാം ചരിത്രത്തിന്റെ ഭാഗമാകുന്ന നാളുകൾ വിദൂരമല്ലെന്ന് ഇനിയും തിരിച്ചറിയാത്തതെന്ത്?

**ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടും നിർദ്ദേശങ്ങളും നമ്മുടെ മുന്നിലുള്ള ഒരു പിടിവള്ളിയാണ്. അതിനാൽത്തന്നെ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയെടുക്കുവാൻ സർക്കാരിന്മേൽ സമ്മർദ്ദശക്തികളായി മാറുവാനും വിലപേശി സംസാരിക്കുവാനും ഒരുമയുടെയും ദൈവത്തിലാശ്രയിച്ച് സ്വരുമയുടെയും വഴികൾ തേടാനും കേരള ക്രൈസ്തവ നേതൃത്വം ശ്രമിക്കുന്നില്ലെങ്കിൽ കേരളത്തിൽ നിന്ന് ഒഴുകിപ്പോകുന്ന പുതുതലമുറയോടൊപ്പം സഭാസംവിധാനങ്ങളുമായി സ്വന്തം മണ്ണിൽ അടിത്തറ നഷ്ടപ്പെട്ട് അന്യരാജ്യങ്ങളിലേയ്ക്ക് നിലനിൽപിനായി ഒഴുകിപ്പോകും. അതിനിടവരാതിരിക്കട്ടെ.**

ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ
ചീഫ് എഡിറ്റർ

# ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിൽ മെല്ലെപ്പോക്കും അവഗണനയും ഒഴിവാക്കണം: സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ

കാക്കനാട്: ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ സഭകളുമായി ചർച്ച ചെയ്യണമെന്നും ആത്മാർത്ഥവും കാര്യക്ഷമവുമായ തുടർനടപടികൾ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ മെല്ലെപ്പോക്കും അവഗണനയും ഒഴിവാക്കണമെന്നും സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ. കേരളത്തിലെ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനെ വലിയ ആവേശത്തോടെയാണ് ക്രൈസ്തവ സമൂഹം വരവേറ്റത്. സംസ്ഥാന ചരിത്രത്തിൽ ഇതിനുമുമ്പ് ക്രൈസ്തവ ജനവിഭാഗങ്ങളുടെ വിവിധ മേഖലകളിലെ പിന്നാക്കാവസ്ഥ സംബന്ധിച്ച് ഗൗരവമായ പരിശോധനകളോ പരിഗണനകളോ ഉണ്ടായിരുന്നില്ല എന്നത് ക്രിസ്ത്യൻ ന്യൂനപക്ഷത്തെ സംബന്ധിച്ച് ഈ കമ്മിഷന്റെ പ്രസക്തി വർധിപ്പിച്ചുവെന്ന് പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചൂണ്ടിക്കാട്ടി.

കമ്മീഷൻ മുൻപാകെ പരാതികളും നിവേദനങ്ങളും നൽകുന്നതിൽ വലിയ ബഹുജന പങ്കാളിത്തമുണ്ടായിരുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ ഇതുവരെ ഒരു പഠന കമ്മീഷനും ലഭിച്ചിട്ടില്ലാത്ത വിധം അഞ്ചുലക്ഷത്തിലധികം പരാതികൾ സമർപ്പിക്കപ്പെട്ടു എന്നത് ഈ ബഹുജന പങ്കാളിത്തത്തിന്റെ പ്രതിഫലനമാണ്. സീറോമലബാർസഭ വ്യക്തമായ പഠനങ്ങളുടെയും ശാസ്ത്രീയമായ വിലയിരുത്തലുകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ പിന്നാക്കാവസ്ഥ സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി കമ്മീഷന് സമർപ്പിച്ചിരുന്നു.

ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ അഞ്ഞൂറിലധികം നിർദ്ദേശങ്ങളടങ്ങുന്ന ഒരു റിപ്പോർട്ടാണ് സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് എന്ന് മനസിലാക്കുന്നു. എന്നാൽ ഈ റിപ്പോർട്ട് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സംസ്ഥാന സർക്കാർ ഇതു പുറത്തുവിടുകയോ, നിയമസഭയിൽ ചർച്ചയ്ക്കു വയ്ക്കുകയോ, ക്രൈസ്തവ സഭകളുമായി ആലോചിച്ച് തുടർനടപടികൾക്ക് തയ്യാറാവുകയോ ചെയ്യാതെ മെല്ലെപ്പോക്ക് നയം സ്വീകരിക്കുന്നതായി സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിലയിരുത്തി. പ്രസ്തുത റിപ്പോർട്ട് നിലവിൽ ന്യൂനപക്ഷക്ഷേമവകുപ്പിന് കൈമാറിയിരിക്കുകയാണ്.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ക്രിസ്ത്യൻ പിന്നാക്കാവസ്ഥ സംബന്ധിച്ച് 2019 കാലയളവിൽ എല്ലാ ജില്ലകളിലും സിറ്റിങ് നടത്തി ഒരു പ്രാഥമിക പഠനം നടത്തിയിരുന്നെങ്കിലും അതിന്റെ റിപ്പോർട്ട് തമസ്കരിക്കപ്പെട്ട മുൻ അനുഭവവുമുണ്ട്. ഈ സാഹചര്യത്തിൽ ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ സഭകളുമായി ചർച്ച ചെയ്യണമെന്നും ആത്മാർത്ഥവും കാര്യക്ഷമവുമായ തുടർനടപടികൾ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ മെല്ലെപ്പോക്കും അവഗണനയും ഒഴിവാക്കണമെന്നും പബ്ലിക് അഫയേഴ്സ് കമ്മീഷൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

# കത്തോലിക്ക വിശ്വാസം സ്വീകരിച്ച് ബ്രസീൽ ഫുട്ബോൾ താരം റൊണാൾഡോ നസാരിയോ

സാവോപോളോ: കാൽപന്തുകളിയുടെ എക്കാലത്തെയും രാജാക്കന്മാരിൽ ഒരാളും ഫുട്ബോൾ പ്രതിഭാസം എന്നറിയപ്പെടുകയും ചെയ്യുന്ന ബ്രസീലിന്റെ ഐതിഹാസിക താരം റൊണാൾഡോ നസാരിയോ കത്തോലിക്ക വിശ്വാസം സ്വീകരിച്ചു. സാവോ പോളോയിലെ സാവോ ജോസ് ഡോസ് കാംപോസ് ദേവാലയത്തിൽവെച്ചായിരുന്നു നാൽപ്പത്തിയാറുകാരനായ റൊണാൾഡോയുടെ മാമ്മോദീസ. ഇക്കാര്യം ദശലക്ഷങ്ങൾ പിന്തുടരുന്ന ഇൻസ്റ്റാഗ്രാം അക്കൌണ്ടിലൂടെയാണ് താരം പങ്കുവെച്ചത്.

ഞാൻ മാമ്മോദീസ മുങ്ങിയിട്ടില്ലായിരുന്നുവെങ്കിലും ചെറുപ്പം മുതലേ ക്രിസ്തീയ വിശ്വാസം ജീവിതത്തിന്റെ അടിസ്ഥാനമായി നിലകൊണ്ടിട്ടുണ്ടെന്നും ഇന്ന് ഈ കൂദാശയോടെ വീണ്ടും ദൈവത്തിന്റെ കുഞ്ഞായി മാറിയ ഒരു അനുഭവമാണ് തനിക്കുള്ളതെന്നും ബ്രസീൽ ടീമിനൊപ്പം രണ്ടു തവണ ലോക ചാമ്പ്യനായ റൊണാൾഡോ മാമ്മോദീസ സ്വീകരിച്ച ശേഷം സമൂഹ മാധ്യമങ്ങളിൽ കുറിച്ചു. യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ വിശ്വസിച്ച് നന്മയുടെ പാതയിൽ ചരിക്കുവാനുള്ള തന്റെ പ്രതിബദ്ധതയും റൊണാൾഡോ തന്റെ പോസ്റ്റിലൂടെ പ്രകടിപ്പിക്കുന്നുണ്ട്.

തന്റെ മാമ്മോദീസയുടെ നിരവധി ഫോട്ടോകളും റൊണാൾഡോ പോസ്റ്റ് ചെയ്തിട്ടുണ്ട്. അമിൽകാറും, മാലുവുമാണ് റൊണാൾഡോയുടെ ജ്ഞാനസ്നാന മാതാപിതാക്കൾ. മാമ്മോദീസ എന്ന തന്റെ സ്വപ്നം സാക്ഷാൽക്കരിക്കുവാൻ സഹായിച്ച ഫാ. ഫാബിയോ ഡെ മെലോക്കും, ഫാ. ഡോം ഓസ്വാൾഡോക്കും, സാവോ ജോസ് ദേവാലയത്തിനും റൊണാൾഡോ നന്ദി അർപ്പിച്ചു.



സ്പെയിനിൽ അപ്പസ്തോലനായ വിശുദ്ധ യാക്കോബിന്റെ കബറിടം സ്ഥിതി ചെയ്യുന്ന സാന്റിയാഗോ ഡെ കോംപോസ്റ്റെലാ കത്തീഡ്രലിലേക്ക് തീർത്ഥാടനം നടത്തിക്കൊണ്ട് താൻ കത്തോലിക്ക വിശ്വാസത്തിലേക്ക് കൂടുതൽ അടുക്കുകയാണെന്നതിന്റെ സൂചനകൾ റൊണാൾഡോ നൽകിയിരുന്നു. “തീർത്ഥാടനത്തിനിടക്ക് ഞാൻ ഒരായിരം കാര്യങ്ങളേക്കുറിച്ച് ചിന്തിച്ചു. വല്ലാഡോളിഡ് വഴി ലഭിച്ച എല്ലാ നേട്ടങ്ങൾക്കും ഞാൻ നന്ദിയുള്ളവനാണ്” - എന്നാണ് വല്ലാഡോളിഡ് ക്ലബ്ബിന്റെ പ്രസിഡന്റ് കൂടിയായ റൊണാൾഡോ തീർത്ഥാടനത്തിന് ശേഷം പറഞ്ഞത്. ബാഴ്സിലോണ, റിയൽ മാഡ്രിഡ്, ഇന്റർമിലാൻ തുടങ്ങിയ പ്രമുഖ ക്ലബ്ബുകൾക്ക് വേണ്ടി ബൂട്ടണിഞ്ഞിട്ടുള്ള താരമാണ് റൊണാൾഡോ നസാരിയോ.

---

# എവിടെപ്പോയാലും എന്നോടൊപ്പം ബൈബിൾ ഉണ്ടാകും: വിശ്വാസം പരസ്യമാക്കി ലിവർപൂൾ താരം കോഡി ഗാക്പോ

ലണ്ടൻ: ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസം പരസ്യമാക്കുന്ന താരങ്ങളുടെ നിരയിൽ ഡച്ച് സ്വദേശിയായ ലിവർപൂൾ താരം കോഡി ഗാക്പോയും. ലിവർപൂളിന് വേണ്ടി സിംഗപ്പൂരിൽ കളിക്കുവാൻ എത്തിയിരിക്കുന്ന ഗാക്പോ ബൈബിൾ വായന തന്റെ ജീവിത ശൈലിയാണെന്നും യുകെയിലോ മറ്റെവിടെയെങ്കിലുമോ ആണെങ്കിലും താൻ ബൈബിൾ കൊണ്ടുപോകുമെന്നു 'ഡെയിലി മെയിലി'ന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. 1.5 മില്യൺ ഫോളോവേഴ്സ് ഉള്ള ഗാക്പോ “മനുഷ്യൻ തന്റെ മാർഗ്ഗം ആലോചിച്ചുവെക്കുന്നു. അവന്റെ കാലടികളെ നിയന്ത്രിക്കുന്നത് കർത്താവാണ്” (സുഭാഷിതങ്ങൾ 16:9) എന്ന ബൈബിൾ വാക്യം ഇൻസ്റ്റാഗ്രാമിൽ അടുത്തിടെ പങ്കുവെച്ചിരിന്നു.




തന്റെ ഫുട്ബോൾ കരിയറിൽ മാത്രമല്ല ജീവിതത്തിൽ മുഴുവനായും വിശ്വാസം തന്നെ സഹായിച്ചിട്ടുണ്ടെന്നും അത് തന്നെ സംബന്ധിച്ചിടത്തോളം ജീവിത ശൈലിപോലെയാണെന്നും യുകെയിലായാലും വേറെ എവിടെ ആയാലും എല്ലാദിവസവും തനിക്കൊപ്പം ബൈബിൾ ഉണ്ടെന്നും ഡച്ച് ന്യൂസ്പേപ്പറായ 'എൻ.ആർ.സി'ക്ക് നൽകിയ അഭിമുഖത്തിലും ഗാക്പോ പറഞ്ഞു. വിശ്വാസം എനിക്ക് സമാധാനവും ശക്തിയും തരുന്നു. പലപ്പോഴും ഞാൻ ഉറങ്ങുവാൻ പോകുന്നതിന് മുൻപ് ബൈബിൾ വായിക്കാറുണ്ട്. നമ്മൾ പരസ്പരം എങ്ങനെ പെരുമാറണം എന്ന് നമ്മോട് പറയുന്ന ഒരു പ്രണയലേഖനം പോലെയാണ് ബൈബിളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഖത്തറിൽവെച്ച് നടന്ന കഴിഞ്ഞ ലോകകപ്പിൽ ഗാക്പോയുടെ സഹതാരമായ മെംഫിസും മറ്റ് ടീമംഗങ്ങൾക്കൊപ്പം ബൈബിൾ ക്ലാസ്സും പ്രാർത്ഥനയും നടത്തിയതും ശ്രദ്ധേയമായിരുന്നു. ഗാക്പോ അടിയുറച്ച ദൈവവിശ്വാസിയും വിശ്വാസപരമായ കാര്യങ്ങളിൽ ശ്രദ്ധി ക്കുന്നവനുമാണെന്ന് ഡച്ച് ടീമംഗമായ ഡെൻസേൽ ഡംഫ്രിസും നേരത്തെ പറഞ്ഞിട്ടുണ്ട്. പ്രശസ്തരായ താരങ്ങളിൽ പലരും ഡ്രസ്സിംഗ് റൂമിലും, തങ്ങളുടെ കായിക പ്രേമികൾക്കിടയിലും ക്രിസ്തു വിശ്വാസം പരസ്യമാക്കുന്നത് ഇപ്പോൾ പതിവ് സംഭവമായി മാറിയിരിക്കുകയാണ്.



*Pope Francis waves to the crowd during a holy mass at the Vélodrome stadium in Marseille, southern France.*

# ഇന്തോനേഷ്യയിൽ ഇനി ഔദ്യോഗിക രേഖകളിൽ ഈസാ മാസിഹിന് പകരം യേശുക്രിസ്തു: ക്രൈസ്തവരുടെ ആവശ്യം അംഗീകരിച്ച് സർക്കാർ

ജക്കാർത്ത: ക്രൈസ്തവരുടെ ദീർഘനാളത്തെ ആവശ്യത്തിന് ഒടുവിൽ അനുകൂല നിലപാടുമായി ഇസ്ലാമിക ഭൂരിപക്ഷ രാജ്യമായ ഇന്തോനേഷ്യ. സർക്കാർ രേഖകളിൽ ഇനിമുതൽ ഈസാ അൽ-മാസിഹിന് പകരം യേശുക്രിസ്തു എന്ന പേര് ഉപയോഗിക്കുമെന്ന് ഇന്തോനേഷ്യയിലെ മനുഷ്യ വികസന, സാംസ്കാരിക വകുപ്പ് മന്ത്രി മുഹദ്ജിർ ഇഫൻഡി പ്രഖ്യാപിച്ചു. ഇനി ദേശീയ അവധി ദിവസങ്ങളുടെ പട്ടികയിൽ അടക്കം യേശുക്രിസ്തു എന്ന പേര് ഉപയോഗിക്കപ്പെടും. യേശുവിനെ ഇസ്ലാമിക അഭിസംബോധനക്ക് പകരം ക്രൈസ്തവ നാമങ്ങൾ ഉപയോഗിക്കണമെന്ന ഏറെ നാളായുള്ള ക്രൈസ്തവരുടെ ആവശ്യത്തിനാണ് സർക്കാർ ഇപ്പോൾ സമ്മതം ലഭിച്ചിരിക്കുന്നത്. മതകാര്യ വകുപ്പാണ് ഇങ്ങനെ ഒരു നിർദ്ദേശം മുന്നോട്ടുവെച്ചതെന്ന് മുഹദ്ജിർ ഇഫൻഡി പറഞ്ഞു.

അതേസമയം ക്രൈസ്തവരുടെ അഭ്യർത്ഥനയാണ് ഇങ്ങനെ ഒരു മാറ്റത്തിലേക്ക് നയിച്ചതെന്ന് മതകാര്യ വകുപ്പിന്റെ സഹമന്ത്രി സൈഫുൾ റഹ്മത്ത് വെളിപ്പെടുത്തി. സർക്കാരിന്റെ കലണ്ടറിൽ ക്രിസ്തുമസ്, ദുഃഖവെള്ളി, സ്വർഗ്ഗാരോഹണം എന്നീ മൂന്ന് തിരുനാളുകൾക്കാണ് അവധി നൽകുന്നത്. ഇത് ഈസാ അൽ-മാസിഹിന്റെ ജനനം, ഈസാ അൽ-മാസിഹിന്റെ മരണം, ഈസാ അൽ-മാസിഹിന്റെ ഉത്ഥാനം എന്നിവ ഉൾപ്പെടെയുള്ള വിശേഷണങ്ങളിലാണ് മാറ്റം വരിക. പേര് മാറ്റാൻ സർക്കാർ എടുത്ത തീരുമാനത്തെ രാജ്യത്തെ മെത്രാൻ സമിതിയുടെ അൽമായരുടെ അപ്പസ്തോലിക് കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. യോഹന്നാസ് ജഹാറുത്ത് സ്വാഗതം ചെയ്തു. ലോകരക്ഷകനായ യേശുവും, ഇസ്ലാം മതസ്ഥരുടെ ഈസായും ഒരു വ്യക്തിയല്ലായെന്ന് സർക്കാർ അംഗീകരിക്കുകയായിരുന്നു



വെന്ന് ദൈവശാസ്ത്രജ്ഞനായ ജാവ സ്വദേശി ഫ്രാൻസിസ്കസ് ബോർജിയാസ് പറഞ്ഞു.

ബൈബിളിൽ യേശു, മറിയത്തിന്റെയും ജോസഫിന്റെയും പുത്രനാണെന്നും, ഇതു പ്രകാരം ഒന്നാം നൂറ്റാണ്ടിലാണ് ക്രിസ്തു ജീവിച്ചിരുന്നതെന്നും പറഞ്ഞ അദ്ദേഹം മുസ്ലിം മതസ്ഥരുടെ ഈസ മോശയുടെയും, അഹറോന്റെയും സഹോദരിയായ മിറിയമിന്റെ മകനായിരുന്നുവെന്നും, ഇത് ക്രൈസ്തവ യഹൂദ വംശാവലി അനുസരിച്ച് അപ്രാപ്യമായ കാര്യമാണെന്നും ചൂണ്ടിക്കാട്ടി. ഇസ്ലാം മതസ്ഥരുടെ വിശ്വാസമനുസരിച്ച് 'പ്രവാചകനായിരുന്ന ഈസ' കുരിശിൽ മരിച്ചിട്ടില്ല. യേശുക്രിസ്തു കുരിശിൽ മരിച്ചതും മൂന്നാം നാൾ ഉയർത്തെഴുന്നേറ്റതും ചരിത്ര സത്യമാണെന്ന് ആവർത്തിക്കുകയാണെന്ന് സുവിശേഷത്തിലും, അനേകം ചരിത്രരേഖകളിലും സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലോകത്തെ ഏറ്റവും വലിയ ഇസ്ലാമിക ഭൂരിപക്ഷ രാജ്യമാണ് ഇന്തോനേഷ്യ.

# മൊസാംബിക്കിൽ ക്രൈസ്തവരെ തിരഞ്ഞുപിടിച്ച് ഇസ്ലാമിക് സ്റ്റേറ്റ് ആക്രമണം: 11 വിശ്വാസികൾക്കു ദാരുണാന്ത്യം

കാബോ ഡെൽഗാഡോ: ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിലെ ഗ്രാമത്തിൽ ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ ക്രൈസ്തവർക്ക് നേരെ അഴിച്ചുവിട്ട ആക്രമണത്തിൽ 11 പേർ കൊല്ലപ്പെട്ടു. സെപ്തംബർ 15നു കാബോ ഡെൽഗാഡോ പ്രവിശ്യയിലെ മോക്കിംബോവ ഡാ പ്രയ ജില്ലയിൽ സ്ഥിതി ചെയ്യുന്ന നാകിറ്റെൻഗ് ഗ്രാമത്തിൽ നടത്തിയ ക്രൈസ്തവ കൂട്ടക്കൊലയുടെ വിവരങ്ങൾ കത്തോലിക്ക സന്നദ്ധ സംഘടനയായ എയിഡ് ടു ദ ചർച്ച് ഇൻ നീഡ് (എസിഎൻ) ഇന്റർനാഷ്ണലാണ് പുറത്തുവിട്ടിരിക്കുന്നത്. ഗ്രാമത്തിൽ എത്തിയ ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ ക്രിസ്ത്യാനികളെ പേരുകളുടെ അടിസ്ഥാനത്തിൽ, മുസ്ലീങ്ങളിൽ നിന്ന് വേർപെടുത്തിയ ശേഷം ക്രൈസ്തവർക്ക് നേരെ വെടിയുതിർക്കുകയായിരിന്നുവെന്ന് എസിഎൻ റിപ്പോർട്ട് ചെയ്യുന്നു.




ആക്രമണത്തിന്റെ ഉത്തരവാദിത്വം ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ ഏറ്റെടുത്തു. 11 പേരുടെ മരണ വിവരമാണ് സ്ഥിരീകരിച്ചിട്ടുള്ളതെങ്കിലും ഇതിലും അധികമുണ്ടെന്നാണ് സൂചന. നിരവധി പേർക്ക് പരിക്കേറ്റു. കാബോ ഡെൽഗാഡോയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദി ഫ്രറ്റേണിറ്റി ഓഫ് ദ പുവർ ഓഫ് ജീസസ് (പിജെസി) മിഷ്ണറി സമൂഹത്തിലെ വൈദികനായ ഫാ. ബോവെൻചുറ, ക്രിസ്ത്യാനികളെ തെരഞ്ഞുപിടിച്ച് വധിക്കുന്നതിന് മറ്റുള്ളവരിൽ നിന്നു മാറ്റിനിർത്തിയെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. സെപ്തംബർ 15നു ഉണ്ടായ മറ്റൊരു ആക്രമണത്തെ തുടർന്നു നിരവധി പേർ പലായനം ചെയ്യാൻ സമയത്താണ് ആക്രമണം ഉണ്ടായതെന്നും അദ്ദേഹം വെളിപ്പെടുത്തി. കഷ്ടപ്പെടുന്ന തങ്ങളുടെ സഹോദരങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

2017-ൽ പൊട്ടിപ്പുറപ്പെട്ട വടക്കൻ മൊസാംബിക്കിലെ പ്രതിസന്ധി കാബോ ഡെൽഗാഡോ പ്രവിശ്യയിലാണ് കൂടുതലും നടക്കുന്നത്. ഇത് അയൽ പ്രവിശ്യകളായ നംപുല, നിയാസ്സ എന്നിവയിലേക്കും വ്യാപിച്ചിട്ടുണ്ട്. പ്രാദേശികമായി അൽ ഷബാബ് എന്ന് വിളിക്കപ്പെടുന്ന ഇസ്ലാമിക് സ്റ്റേറ്റിന്റെ ആയുധധാരികൾ വലിയ രീതിയിലുള്ള ആക്രമണമാണ് ഇവിടെ നടത്തുന്നത്. ഏപ്രിലിലെ കണക്കനുസരിച്ച്, അക്രമാസക്തമായ സംഘർഷങ്ങളെ തുടർന്നു ഒരു ദശലക്ഷത്തിലധികം ആളുകളാണ് ഇവിടെ നിന്ന് കുടിയൊഴിക്കപ്പെട്ടത്.

# മെക്സിക്കൻ സംസ്ഥാനത്തെ ഭ്രൂണഹത്യ അനുകൂല നടപടികൾക്കെതിരെ പ്രതിഷേധം അറിയിച്ച് 16,000 പേർ

മെക്സിക്കോ സിറ്റി: സ്റ്റേറ്റ് ഓഫ് മെക്സിക്കോ സംസ്ഥാനത്ത് ഭ്രൂണഹത്യ കുറ്റകരമല്ലാതാക്കി മാറ്റുവാനുള്ള ശ്രമങ്ങൾക്കെതിരെ പ്രതിഷേധം അറിയിച്ച് പ്രോലൈഫ് സമൂഹം. ഇത് സംബന്ധിച്ചു പതിനാറായിത്തോളം പേർ ഒപ്പിട്ട കത്ത് പ്രാദേശിക കോൺഗ്രസിന് സമർപ്പിച്ചു. നാഷ്ണൽ ഫ്രണ്ട് ഫോർ ഫാമിലി അംഗങ്ങളും മറ്റ് പൊതുസംഘടനകളുമാണ് ഒപ്പ് ശേഖരണം നടത്തിയത്. മെക്സിക്കോയിൽ ജീവനെ സംരക്ഷിക്കുന്ന നിയമ ചട്ടക്കൂടിനെ ഏകാധിപത്യപരമായി ഒരൊറ്റ ചിന്തയുടെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തുവാൻ ശ്രമിക്കുന്നതും 'സ്ത്രീകളുടെ അവകാശം' എന്ന പേരിൽ ഭ്രൂണഹത്യയെന്ന തിന്മയെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കുന്നതും തെറ്റാണെന്നു പൊതുസംഘടനകൾ പുറത്തുവിട്ട പ്രസ്താവനയിൽ പറയുന്നു.




'ആക്റ്റിവേറ്റ്' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴിയാണ് ഒപ്പുകൾ ശേഖരിച്ചത്. സംസ്ഥാന കോൺഗ്രസിന്റെ പാർലമെന്റിൽ തുറന്ന സമ്മേളനം വിളിച്ചുകൂട്ടണമെന്നും, വിദഗ്ദരെ ഭ്രൂണഹത്യയെക്കുറിച്ചുള്ള അഭിപ്രായം പറയുവാൻ സമ്മേളനത്തിൽ അനുവദിക്കണമെന്നും ഒപ്പിട്ടവർ ആവശ്യപ്പെട്ടു. അതേസമയം സുപ്രീം കോർട്ട് ഓഫ് ജസ്റ്റിസ് ഓഫ് ഡി നേഷൻ (എസ്.സി.ജെ.എൻ) ഒന്നാം ചേംബറിന്റെ സമീപകാല പ്രമേയത്തോടുള്ള പ്രതികരണമെന്ന നിലയിൽ വരുംദിവസങ്ങളിൽ ഭ്രൂണഹത്യ കുറ്റകരമല്ലാതാക്കുന്നതിനെ കുറിച്ച് വിശകലനം ചെയ്യുമെന്ന് കോൺഗ്രസ് അംഗങ്ങൾ പ്രാദേശിക മാധ്യമങ്ങൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട്.

പുതിയ പ്രമേയം വഴി സ്റ്റേറ്റ് ഓഫ് മെക്സിക്കോക്ക് കൂടുതൽ മരണങ്ങളുടെയോ, ധ്രുവീകരണ പ്രത്യയശാസ്ത്രങ്ങളുടെയോ ആവശ്യമില്ലെന്നും ജീവന്റെ പരിപാലനവും, വിദ്യാഭ്യാസവും, ആരോഗ്യവും, നീതിയും, മെക്സിക്കൻ ജനതക്കുള്ള തൊഴിലുമാണ് സംസ്ഥാനത്തിന് ആവശ്യമായിട്ടുള്ളതെന്നും നാഷ്ണൽ ഫ്രണ്ട് ഫോർ ഫാമിലി പറയുന്നു. സ്റ്റേറ്റ് ഓഫ് മെക്സിക്കോ കോൺഗ്രസിനു മുന്നിൽ സംഘടിപ്പിച്ച പ്രകടനത്തിൽവെച്ച് ജനിക്കുവാനിരിക്കുന്ന കുരുന്നുകളെ കൊന്നൊടുക്കുവാനും, വിപരീതഫലങ്ങൾ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുവാൻ നിർബന്ധിക്കുന്നതിനും തുടർച്ചയായി നടന്നുവരുന്ന ശ്രമങ്ങളെ പൊതുസംഘടനകൾ അപലപിച്ചു.

മെക്സിക്കൻ ജനതയുടെ പുരോഗതിക്ക് വേണ്ടിയാണ് സർക്കാർ ശ്രമിക്കേണ്ടതെന്നും സംഘടനകൾ ചൂണ്ടിക്കാട്ടി. നാഷണൽ പബ്ലിക് സെക്യൂരിറ്റി സിസ്റ്റത്തിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയേറ്റിന്റെ കണക്കുകൾ പ്രകാരം സ്ത്രീഹത്യ, പീഡനം, തട്ടിക്കൊണ്ടുപോകൽ, ചൂഷണം, പെൺവാണിഭം, ബലാൽസംഗം എന്നീ കുറ്റകൃത്യങ്ങളുടെ കാര്യത്തിലും സ്റ്റേറ്റ് ഓഫ് മെക്സിക്കോയാണ് രാജ്യത്ത് മുന്നിൽ നിൽക്കുന്നത്.

## കർഷക ആത്മഹത്യ:- സർക്കാരിനെതിരെ നരഹത്യയ്ക്ക് കേസെടുക്കണം:

# രാഷ്ട്രീയ കിസാൻ മഹാസംഘ്



കൊച്ചി: സർക്കാർ സംഭരിച്ച നെല്ലിന്റെ പണം മാസങ്ങൾ കഴിഞ്ഞിട്ടും പൂർണ്ണമായും ലഭിക്കാതെ സാമ്പത്തിക ബാധ്യതയാൽ കർഷക ആത്മഹത്യകൾ നിരന്തരം ആവർത്തിക്കുമ്പോൾ സംസ്ഥാന സർക്കാരിനും കൃഷി വകുപ്പിനുമെതിരെ ക്രൂരനരഹത്യയ്ക്ക് കേസെടുക്കാൻ നീതിപീഠങ്ങൾ സ്വയം തയ്യാറാകണമെന്ന് കർഷക സംഘടനകളുടെ ദേശീയ ഐക്യവേദിയായ രാഷ്ട്രീയ കിസാൻ മഹാസംഘ് സംസ്ഥാന സമിതി ആവശ്യപ്പെട്ടു.

ക്രൂരനരഹത്യയിൽ സർക്കാരിനെ കുറ്റവിചാരണ ചെയ്യുവാൻ മനുഷ്യാവകാശ കമ്മീഷൻ തയ്യാറാകണം. ജനങ്ങൾ നിയമം കയ്യിലെടുക്കുന്ന സാഹചര്യം ഭരണനേതൃത്വങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കുകയാണെന്നും ഇതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നിയന്ത്രണാതീതമായിരിക്കുമെന്നും സംസ്ഥാന സമിതി ഉദ്ഘാടനം ചെയ്ത് രാഷ്ട്രീയ കിസാൻ മഹാസംഘ് സൗത്ത് ഇന്ത്യ കൺവീനർ അഡ്വ.വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.

പാലക്കാട് പുലി ചത്തതിന്റെ പേരിൽ കർഷകനെ ഓടിച്ച് മരണത്തിലേയ്ക്ക് തള്ളിയിട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് സംരക്ഷണമേകുന്നവരെ തുറുങ്കിലടയ്ക്കുവാൻ ഭരണസംവിധാനങ്ങൾ പരാജയപ്പെട്ടിരിക്കുന്നത് ജനങ്ങൾക്ക് ചോദ്യം ചെയ്യേണ്ടിവരുന്നത് ജനാധിപത്യ ഭരണത്തിനുപോലും അപമാനമാണ്. വന്യജീവി വാരാഘോഷങ്ങളും 'വന്യജീവി നിലനില്പാണ് അഭിമാനമാണ്' എന്ന പ്രതിജ്ഞയും വന്യജീവി അക്രമത്താൽ അതിക്രൂരമായി മനുഷ്യൻ ദിവസംതോറും കേരളത്തിൽ മരിച്ചുവീഴുമ്പോൾ ധിക്കാരപരമാണെന്നും വിദ്യാലയങ്ങളിലൂടെ നടത്തുന്ന വന്യജീവി വാരാഘോഷം കർഷകമക്കൾ ബഹിഷ്കരിച്ച് പ്രതിഷേധിക്കണമെന്നും രാഷ്ട്രീയ കിസാൻ മഹാസംഘ് സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്തു.

രാഷ്ട്രീയ കിസാൻ മഹാസംഘ് സംസ്ഥാന ചെയർമാൻ അഡ്വ.ബിനോയ് തോമസ് അധ്യക്ഷത വഹിച്ചു. സംസ്ഥാന സർക്കാരിന്റെ കർഷകസ്നേഹം കാപഠ്യമാണെന്ന് തിരിച്ചറിയുന്നുവെന്നും കർഷകർക്കായി കേന്ദ്രസർക്കാരിനെതിരെ സമരം ചെയ്യുന്നവർക്ക് സ്വന്തം സംസ്ഥാനത്ത് അധികാരത്തിലിരുന്നിട്ടും കർഷകരെ സംരക്ഷിക്കാനാവാത്ത ഇരട്ടത്താപ്പ് കർഷകർ തിരിച്ചറിയുന്നുവെന്നും കർഷക സംഘടനകൾ കർഷകവിരുദ്ധ സർക്കാരിനെതിരെ സംയുക്തമായി ആരംഭിച്ചിരിക്കുന്ന പ്രക്ഷോഭങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അഡ്വ.ബിനോയ് തോമസ് പറഞ്ഞു.

ദേശീയ കോർഡിനേറ്റർ അഡ്വ.കെ.വി.ബിജു മുഖ്യപ്രഭാഷണം നടത്തി. ദേശീയ സംസ്ഥാന നേതാക്കളായ മുതലാംതോട് മണി, പ്രൊഫ.ജോസുകുട്ടി ഒഴുകയിൽ, ആയാംപറമ്പ് രാമചന്ദ്രൻ, ജോർജ് സിറിയക്, സി.റ്റി.തോമസ്, ഉണ്ണികൃഷ്ണൻ ചേർത്തല, ഹരിദാസ് കല്ലടിക്കോട്, ചാക്കപ്പൻ ആന്റണി, പി.രവീന്ദ്രൻ, സിറാജ് കൊടുവായൂർ, മനു ജോസഫ്, വിദ്യാധരൻ സി.വി., ജോബിൾ വടാശേരി, റോസ് ചന്ദ്രൻ, അപ്പച്ചൻ ഇരുവേയിൽ, സുരേഷ് ഓടാപന്തിയിൽ, റോജർ സെബാസ്റ്റ്യൻ, ഷാജി തുണ്ടത്തിൽ, ബാബു പുതുപ്പറമ്പിൽ എന്നിവർ സംസാരിച്ചു.

# തെരഞ്ഞെടുപ്പുകളിൽ ആരു ജയിക്കണമെന്ന് കർഷകർ തീരുമാനിക്കും: അഡ്വ.വി.സി.സെബാസ്റ്റ്യൻ

കോട്ടയം: ജനാധിപത്യ ഭരണസംവിധാനത്തിലെ പൊതുതെരഞ്ഞെടുപ്പുകളിൽ ആരു ജയിക്കണമെന്ന് കർഷകർ തീരുമാ നിക്കുന്ന കാലമായെന്ന് സ്വതന്ത്ര കർഷക സംഘടനകളുടെ ദേശീയ ഐക്യവേദിയായ രാഷ്ട്രീയ കിസാൻ മഹാസംഘ് സൗത്ത് ഇന്ത്യാ കൺവീനർ അഡ്വ.വി.സി.സെബാസ്റ്റ്യൻ.

രാഷ്ട്രീയ പാർട്ടികളുടെ സ്ഥിരനിക്ഷേപമായി അടിമപ്പണി ചെയ്യാൻ കർഷകരെ കിട്ടില്ല. അധികാരത്തിലിരിക്കുമ്പോൾ കർഷകരെ സംരക്ഷിക്കാത്തവർ കർഷകസ്നേഹം പ്രസംഗിക്കുന്നതിൽ അർത്ഥമില്ല. അസംഘടിത കർഷകരോട് എന്തുമാകാമെന്ന രാഷ്ട്രീയ പാർട്ടികളുടെ നിലപാട് കർഷകരുടെയടുക്കൽ ഇനിയും വിലപ്പോ വില്ല. അന്നം തരുന്ന നെൽകർഷകരിൽ നിന്ന് നെല്ലുസംഭരിച്ചിട്ട് പണം നൽകാതെ സർക്കാരുകൾ നിരന്തരം നടത്തുന്ന വിഴു പ്പലക്കലുകളിൽ പ്രതികരിക്കാൻ പൊതുസമൂഹമിന്ന് ഉണർന്നി രിക്കുന്നു. ഏഴരലക്ഷം ഹെക്ടറിൽനിന്ന് നെൽകൃഷി ഒന്നരലക്ഷം ഹെക്ടറിലേക്ക് ഇടിഞ്ഞുവീണിട്ടും കേരളം കാർഷിക രംഗത്ത് കുതിക്കുന്നുവെന്ന് പറയുന്നവരുടെ തൊലിക്കട്ടി അപാരം. പുതുതലമുറ കൃഷി ഉപേക്ഷിക്കുന്നുവെങ്കിൽ അതിന് കാരണം കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്വന്തം മാതാപിതാ ക്കളുടെ കണ്ണീരും ദാരിദ്ര്യവും കൃഷി നഷ്ടവുമാണ്. വാഗ്ദാനങ്ങൾ നൽകിയും പ്രഖ്യാപനങ്ങൾ നടത്തിയും എക്കാലവും കർഷകരെ പറ്റിക്കാമെന്ന് രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും കരുതരുത്. തങ്ങളെ



സംരക്ഷിക്കുവാൻ ആരുമില്ലെന്ന് തിരിച്ചറിഞ്ഞ് കേരളത്തിൽ കർഷകരും കർഷകസംഘടനകളും സംഘടിച്ചുണരുവാൻ തുടങ്ങിയിരിക്കുന്നത് വരാൻ പോകുന്ന വിപ്ലവകരമായ മാറ്റത്തിന്റെ സൂചനയാണ്. കർഷകർ നിരന്തരം ചതിക്കപ്പെടുന്നുവെന്ന് പൊതുസമൂഹവും തിരിച്ചറിഞ്ഞിരിക്കുന്നു. സ്വന്തം മണ്ണിലെ കർഷകരെ സംരക്ഷിക്കുവാൻ സാധിക്കാത്തവരാണ് ഡൽഹിയിൽ പോയി ഇന്ത്യയിലെ കർഷകർക്കായി സമരം നടത്തുന്നത്. റബറിന് 250 രൂപയെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനവും സംസ്ഥാന സർക്കാർ കാറ്റിൽ പറത്തി. റബർ വിലസ്ഥിരതാപദ്ധ തിയും അട്ടിമറിക്കപ്പെട്ടു. നാട് പണയംവെച്ച് പണം കടം വാങ്ങി ശമ്പളത്തിനും ധൂർത്തിനും ചെലവാക്കുന്നതിനായി ഒരു ഭരണസംവിധാനത്തിന്റെ ആവശ്യമുണ്ടോയെന്ന് ജനങ്ങൾ ചിന്തിച്ചുതുടങ്ങിയിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.



*93-ാം പുനരൈക്യ  വാർഷികത്തോടനുബന്ധിച്ചുള്ള ആഗോള അല്മായ സംഗമം കെസിബിസി അധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് മാർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു. വി എ ജോർജ്,മേരി കുര്യൻ, വിസി ജോർജുകുട്ടി, അഡ്വ. എൽദോ പൂക്കുന്നേൽ, ബിഷപ്പ് ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ്, അഡ്വ.എബ്രഹാം എബ്രഹാം പാറ്റ്യാനി, അഡ്വ. വി സി സെബാസ്റ്റ്യൻ, ധർമ്മരാജ് എൻ എന്നിവർ സമീപം.*

# ആഗോള അൽമായ സംഗമം നടത്തി

93-ാം പുനരൈക്യ വാർഷിക ദിനാചരണത്തോടനുബന്ധിച്ച് മലങ്കര കത്തോലിക്ക സഭ എം സി എ സഭാതല സമിതിയുടെ നേതൃത്വത്തിൽ 27-ാം ആഗോള അൽമായ സംഗമം സംഘടിപ്പിച്ചു. പൊതുസമ്മേളനം മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ തലവനും പിതാവും കെ സി. ബി. സി. യുടെ പ്രസിഡണ്ടുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലിമീസ് കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്തു. അൽമായർ സഭയുടെ പ്രേഷിത മുഖമായി മാറണം. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ സഭയുടെ ദർശനവും പൈതൃകവും അടുത്ത തലമുറയ്ക്ക് കൈമാറാനും സംരക്ഷിക്കുവാനും ഉള്ള കടമയും ഉത്തരവാദിത്തവും ഓരോ അൽമായനും ഉണ്ടായിരിക്കണമെന്ന് ഉദ്ഘാടന സന്ദേശത്തിൽ കത്തോലിക്ക ബാവ പറഞ്ഞു. എം സി എ സഭാതല പ്രസിഡണ്ട് അഡ്വ. എബ്രഹാം എം പട്ട്യാനി അധ്യക്ഷനായിരുന്നു. അല്മായ കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. സി.ബി.സി.ഐ അൽമായ കമ്മീഷൻ സെക്രട്ടറി അഡ്വ വി. സി സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണം നടത്തി.

അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്ക ബാവ  ആത്മീയ രാഷ്ട്രീയ സേവന രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച വ്യക്തിത്വങ്ങളായ റവ. ഫാ. ജോൺ അരീക്കൽ (എം സി എ മുൻ സഭാതല വൈദിക ഉപദേഷ്ടാവ് , ഗഇആഉ മദ്യവർജ്ജ സമിതി സെക്രട്ടറി) , ശ്രീമതി ഏലിയാമ്മ ഫിലിപ്പ് (മുനിസിപ്പൽ ചെയർപേഴ്സൺ പിറവം മുൻസിപ്പാലിറ്റി), ശ്രീമതി ജ്ഞാന സൗന്ദര്യ (ബ്ലോക്ക് ചെയർപേഴ്സൺ, മേൽപ്പുറം ബ്ലോക്ക് മാർത്താണ്ഡം), ശ്രീ. ബോബി ചാണ്ടി (മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ജേതാവ്) എന്നിവരെ ആദരിച്ചു.

കെ.എം.ആർ.എം കുവൈറ്റ് നൽകുന്ന മികച്ച വിദ്യാർത്ഥികൾക്കുള്ള ങഇഅ കെ.എം.ആർ.എം മാർ ബസേലിയോസ് വിദ്യാശ്രീ പുരസ്കാരം മൂവാറ്റുപുഴ രൂപതാ അധ്യക്ഷൻ മോസ്റ്റ് റവറന്റ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപോലീത്ത വിതരണം ചെയ്തു.  എം സി എ സഭാതല രജതാ ജൂബിലി ചാരിറ്റി ഫണ്ട് സ്നേഹാലയം അഡ്മിനിസ്ട്രർ സി. ജോയൽ എസ് ഐ സി ക്ക് കൈമാറി.

ഡൽഹി ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ. ഡോ. തോമസ് മാർ അന്തോണിയോസ് മെത്രാപോലീത്ത മിഷൻ പ്രവർത്തനത്തിന്റെ പ്രാധ്യാന്യത്തെ കുറിച്ച് സംസാരിച്ചു, കെ.എം.ആർ.എം. കോ-ഓർഡിനേറ്റർ ശ്രീ. എം.കെ ഗീവർഗ്ഗീസ്, എംസിഎ സഭാതല ജനറൽ സെക്രട്ടറി ശ്രീ. ധർമ്മരാജ്, രൂപതാ പ്രസിഡണ്ട് അഡ്വ.എൽദോ പൂക്കുന്നേൽ, ട്രഷറർ വി എ ജോർജ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി വി.സി ജോർജ് കുട്ടി, സഭതല വൈസ് പ്രസിഡന്റ് മേരി കുര്യൻ,  മുൻ പ്രസിഡന്റ് ഫിലിപ്പ് കടവിൽ, ജന സെക്രട്ടറി സജീവ് ജോർജ്,  ട്രാഷറർ കമാൻഡർ തോമസ് കോശി, ഷിബു പനച്ചിക്കൽ എന്നിവർ പ്രസംഗിച്ചു.

# യേശു അന്ധന് കാഴ്ചശക്തി നൽകിയ സീലോഹ കുളത്തിന്റെ കൽപ്പടവുകൾ ഇസ്രായേലി ഗവേഷകർ കണ്ടെത്തി



ജെറുസലേം: വിശുദ്ധ ഗ്രന്ഥത്തിൽ വിവരിക്കുന്ന ഓരോ സംഭവങ്ങളും ചരിത്ര സത്യമാണെന്ന് വീണ്ടും ആവർത്തിച്ചുക്കൊണ്ട് പുതിയ കണ്ടെത്തൽ. രണ്ടായിരം വർഷങ്ങൾക്ക് മുൻപ് യേശു ക്രിസ്തു അന്ധന് കാഴ്ചശക്തി നൽകിയെന്ന് വിശ്വസിക്കപ്പെടുന്ന സീലോഹാ കുളത്തിന്റെ കൽപ്പടവുകൾ ജെറുസലേമിലെ പുരാവസ്തു ഗവേഷകർ കണ്ടെത്തി. കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി ഈ കുളം അജ്ഞാതമായി തുടരുകയായിരിന്നു. ഇസ്രായേലി ആന്റികഥിറ്റി അതോറിറ്റി, ഇസ്രായേൽ നാഷ്ണൽ പാർക്ക്സ് അതോറിറ്റി, സിറ്റി ഓഫ് ഡേവിഡ് ഫൗണ്ടേഷൻ എന്നിവർ സംയുക്തമായി ജെറുസലേമിലെ പുരാതന നഗരത്തിൽ നടത്തിയ ഉദ്ഖനനത്തിനിടയിലാണ് കൽപ്പടവുകൾ കണ്ടെത്തിയത്.

ക്രൈസ്തവരും, യഹൂദരും പുണ്യസ്ഥലമായി കരുതിവരുന്ന സീലോഹ കുളം സമീപ ഭാവിയിൽ ആദ്യമായി പൊതുജനങ്ങൾക്ക് തുറന്നു നൽകുമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. ചരിത്ര സ്ഥലമായ ജെറുസലേമിലെ ദാവീദിന്റെ നഗരത്തിൽ പ്രത്യേകിച്ച് സീലോഹാ കുളത്തിലും, തീർത്ഥാടന പാതയിലും നടക്കുന്ന ഉദ്ഖനനം ക്രൈസ്തവരുടെയും യഹൂദരുടെയും പുരാതന പൈതൃകത്തിന്റെയും, ജെറുസലേമിനോടുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള അടുപ്പത്തിന്റേയും ഏറ്റവും വലിയ സ്ഥിരീകരണമായി നിലകൊള്ളുന്നുവെന്നു സിറ്റി ഓഫ് ഡേവിഡ് ഫൗണ്ടേഷന്റെ ഇന്റർനാഷണൽ അഫയേഴ്സ് ഡയറക്ടറായ സീവ് ഓറൻസ്റ്റെയിൻ ഫോക്സ് ന്യൂസ് ഡിജിറ്റലിനോട് പറഞ്ഞു.

ബിബ്ലിക്കൽ ആർക്കിയോളജി സൊസൈറ്റി പറയുന്നതനുസരിച്ച് 2,700 വർഷങ്ങൾക്ക് മുൻപ് ക്രിസ്തുവിനു മുൻപ് എട്ടാം നൂറ്റാണ്ടിൽ ഹെസെക്കിയ രാജാവിന്റെ കാലത്താണ് സീലോഹാ കുളം നിർമ്മിക്കുന്നത്. ഗിഹോൺ നീരുറവയിൽ നിന്നും ഈ കുളത്തിലേക്ക് വെള്ളം എത്തിക്കുവാൻ ദാവീദിന്റെ നഗരത്തിനു താഴെക്കൂടി 1750 അടി നീളമുള്ള തുരങ്കമാണ് പണിതത്. പല ഘട്ടങ്ങളായി നടന്ന നിർമ്മാണ പ്രവർത്തികൾക്ക് ശേഷം ഏതാണ്ട് 1.25 ഏക്കറിൽ വ്യാപിച്ച് കിടക്കുന്ന ഒരു കുളമായി സീലോഹാ കുളം മാറിയിരുന്നുവെന്നും അനുമാനിക്കപ്പെടുന്നു.

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ ഒൻപതാം അധ്യായത്തിൽ വിവരിക്കുന്നതിനുസരിച്ച് യേശു ജന്മനാ അന്ധനായ മനുഷ്യനോട് സീലോഹാ കുളത്തിൽ പോയി കഴുകുവാനാണ് നിർദ്ദേശിക്കുന്നത്. പിന്നാലെ അവൻ സുഖം പ്രാപിക്കുന്നതും വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സീലോഹ കുളത്തിൽ നിന്ന് തുടങ്ങി തീർത്ഥാടന പാതയിലൂടെ പടിഞ്ഞാറൻ മതിലിന്റെ നടക്കല്ലുകൾ, തെക്കൻ നടക്കല്ലുകൾ എന്നിവ സ്ഥിതി ചെയ്യുന്ന അരമൈലോളം വരുന്ന സ്ഥലം ഏറ്റവും പ്രധാനപ്പെട്ട സ്ഥലങ്ങളിലൊന്നാണെന്നും വിശുദ്ധ ഗ്രന്ഥത്തിന്റെ പാരമ്പര്യം ചോദ്യം ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ, ആർക്കും സ്പർശിക്കുവാനും, നടക്കുവാനും കഴിയുന്ന ആയിരകണക്കിന് വർഷങ്ങളുടെ പഴക്കമുള്ള ഈ ചരിത്രസ്ഥലം കണ്ടെത്തിയത് വളരെയേറെ പ്രാധാന്യം അർഹിക്കുന്നുണ്ടെന്നും സീവ് ഓറൻസ്റ്റെയിൻ കൂട്ടിച്ചേർത്തു.


LAITY VOICE

# ഇന്ത്യയിലെ ക്രൈസ്തവർക്ക് നേരെ നടക്കുന്നത് നിശബ്ദ ആക്രമണം: മണിപ്പൂർ സംഭവത്തെ ചൂണ്ടിക്കാട്ടി ബ്രിട്ടീഷ് എം. പി.

ലണ്ടൻ: ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കെതിരെ നിശബ്ദമായ ആക്രമണമാണ് നടക്കുന്നതെന്നു ബ്രിട്ടനിലെ ഡെമോമോക്രാറ്റിക് യൂണിയനിസ്റ്റ് പാർട്ടി എംപി ജിം ഷാനൻ. ഹൗസ് ഓഫ് കോമൺസിൽ മതസ്വാതന്ത്ര്യത്തെയും വിശ്വാസത്തെയും കുറിച്ചുള്ള ചർച്ചയ്ക്കിടെയാണ് മണിപ്പൂരിലെ അക്രമം സംഭവം ചൂണ്ടിക്കാട്ടി ബ്രിട്ടീഷ് എംപി ആശങ്ക പങ്കുവെച്ചത്. ജി20 ഉച്ചകോടിക്കായി ഇന്ത്യ സന്ദർശിച്ച യുകെ പ്രധാനമന്ത്രി ഋഷി സുനാക്ക്, മണിപ്പൂരിലെ അക്രമം സംബന്ധിച്ചു എന്തെങ്കിലും പ്രതികരണം നടത്തിയോയെന്നും ബ്രിട്ടീഷ് എംപി ചോദ്യമുയർത്തി. മണിപ്പൂരിലെ സംഭവങ്ങളെ ഗോത്രവർഗ വംശീയ സംഘർഷങ്ങളിൽ നിന്ന് ഉദ്ഭവിച്ചതായി തരംതിരിക്കാമെങ്കിലും സംഭവം ഇന്ത്യയിലെ ക്രിസ്ത്യാനികൾക്ക് നേരെ നിശബ്ദമായി നടന്ന ആക്രമണമാണെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രാദേശിക പോലീസും സംസ്ഥാന സർക്കാരും ന്യൂനപക്ഷ, മത വിഭാഗങ്ങളുടെ ജീവനും സ്വത്തുക്കളും വീടുകളും നശിപ്പിച്ചു. അക്രമം നടത്തിയത് ഹിന്ദു തീവ്രവാദ പശ്ചാത്തലത്തിൽ നിന്നുള്ളവരാണ്. ഇരകൾ കൂടുതലും ക്രിസ്ത്യാനികളാണ്. ദിവസങ്ങൾക്കിടെ ഇരുന്നൂറ്റിമുപ്പതോളം ക്രൈസ്തവ ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടു. അക്രമം നടത്തിയ പല കുറ്റവാളികളും യാദൃശ്ചികമായി പ്രവർത്തിച്ചവരല്ല. അവരുടെ അക്രമം ക്രിസ്ത്യാനികളെ ബോധപൂർവം ലക്ഷ്യം വെച്ചുള്ളതാണ്, ക്രൈസ്തവർ അവരുടെ ദേശങ്ങളിൽ നിന്ന് പലായനം ചെയ്യണമെന്ന് അക്രമികൾ ആഗ്രഹിച്ചുവെന്നും അന്താരാഷ്ട്ര മത സ്വാതന്ത്ര്യത്തിനായുള്ള സർവകക്ഷി പാർലമെന്ററി ഗ്രൂപ്പിന്റെ ചെയർമാൻ കൂടിയായ ഷാനൻ പറഞ്ഞു.

മണിപ്പൂരിൽ തുടരുന്ന കലാപം ക്രൈസ്തവരെ ലക്ഷ്യമിട്ടാണെന്നു ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക്കിന്റെ മത സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പ്രതിനിധി ഫിയോണ ബ്രൂസും തുറന്നടിച്ചിരിന്നു. നൂറോളം ദേവാലയങ്ങൾ തകർത്തതും അൻപതിനായിരത്തോളം ആളുകൾക്ക് ഭവനങ്ങൾ ഉപേക്ഷിക്കേണ്ടതായി വന്നുവെന്നും പറഞ്ഞ ഫിയോണ ബ്രൂസ്, ഈ സംഭവങ്ങൾ ഗൂഢാലോചനകൾക്ക് ശേഷം നടന്നതാണെന്നും ചൂണ്ടിക്കാട്ടിയിരിന്നു. അതേസമയം ഇല്ലാത്ത സമുദായ ധ്രുവീകരണം സൃഷ്ടിച്ച് ജനങ്ങളിൽ ഭിന്നിപ്പുണ്ടാക്കി രാഷ്ട്രീയനേട്ടമുണ്ടാക്കാൻ ശ്രമിക്കുന്ന മണിപ്പൂരിലെ സർക്കാർ സംവിധാനങ്ങളിൽ കേന്ദ്രം നിശബ്ദത പാലിച്ചത് ഭരണകൂട ഭീകരതയുടെ അടയാളമായാണ് ആഗോളതലത്തിൽ നിരീക്ഷിക്കപ്പെടുന്നത്.




## ജെ.ബി.കോശി കമ്മീഷന്റെ ക്രൈസ്തവ ന്യൂനപക്ഷ റിപ്പോർട്ട് പുറത്തുവിടുക: സിബിസിഐ ലെയ്റ്റി കൗൺസിൽ

കൊച്ചി: കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പഠിക്കുവാനും ക്ഷേമപദ്ധതികൾ നിർദ്ദേശിക്കുവാനും നിയോഗിക്കപ്പെട്ട ജെ.ബി.കോശി കമ്മീഷൻ 2023 മെയ് 17ന് സംസ്ഥാന സർക്കാരിന് നേരിട്ട് സമർപ്പിച്ച റിപ്പോർട്ട് രഹസ്യമാക്കി വെക്കാതെ പൂർണ്ണരൂപം അടിയന്തരമായി പുറത്തുവിടണമെന്ന് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയാർ അഡ്വ.വി.സി. സെബാസ്റ്റ്യൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ നടത്തിയ സിറ്റിംഗുകളിലും നേരിട്ടും കമ്മീഷന് 5 ലക്ഷത്തോളം നിർദ്ദേശങ്ങൾ ലഭിച്ചതും രണ്ടര വർഷക്കാലം പഠനം നടത്തി സമർപ്പിച്ചതുമായ പഠനരേഖകളും ക്ഷേമപദ്ധതി നിർദ്ദേശങ്ങളും സർക്കാർ വളരെ രഹസ്യമാക്കി വെയ്ക്കുന്നതിൽ ദുരൂഹതയുണ്ട്.

മുഖ്യമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ട് ന്യൂനപക്ഷ ക്ഷേമവകുപ്പിന് തുടർ നടപടികൾക്കായി കൈമാറിയെന്നാണ് അനൗദ്യോഗികമായി ലഭിക്കുന്ന വിവരങ്ങൾ. ന്യൂനപക്ഷ ക്ഷേമവകുപ്പാകട്ടെ കാലങ്ങളായി തുടരുന്ന ക്രൈസ്തവ നീതിനിഷേധവും വിവേചനവും തുടരുന്നു. ജനങ്ങളുടെ അറിവിലേയ്ക്കായി ക്രൈസ്തവ പിന്നോക്കാവസ്ഥ പഠന റിപ്പോർട്ടുപോലും പുറത്തിറക്കാതെയുള്ള സർക്കാർ സംവിധാനങ്ങളുടെ ഒളിച്ചോട്ടം അവസാനിപ്പിക്കണം. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പ് റിപ്പോർട്ടിന്റെ നടപ്പാക്കലിനുവേണ്ടി പഠിക്കുവാൻ ഒരു വിദഗ്ദ്ധസമിതിയെ പ്രഖ്യാപിച്ച് സംസ്ഥാനത്തെ ക്രൈസ്തവ ന്യൂനപക്ഷത്തെ സർക്കാർ വിഢികളാക്കാൻ നോക്കണ്ട. ജെ.ബി.കോശി കമ്മീഷൻ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിന്റെ പൂർണ്ണരൂപം സർക്കാർ അടിയന്തരമായി ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയും സമയബന്ധിതമായി ക്രൈസ്തവ സമൂഹത്തിന്റെ സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ മുഖവിലയ്ക്കെടുത്ത് ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കുകയും ചെയ്യണമെന്ന് വി.സി.സെബാസ്റ്റ്യൻ അഭ്യർത്ഥിച്ചു.

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 233056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only
Shaiju Chacko-Mobile: +91 9562017841